IVO-5/29/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീമതി. റീജ.എം
മാവില വീട്
വിളമന, ഇരിട്ടി

സർ,

വിഷയം:: പായം ഗ്രാമ പഞ്ചായത്ത് കെട്ടിട നമ്പറിനുള്ള അപേക്ഷ അനുവദിക്കാത്തത് – സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ – 0074

.................................

വിളമന വില്ലേജിൽ റി.സർവ്വെ നം. 18/2 ൽ പ്പെട്ട 2.02 ആർ സ്ഥലത്ത് വീട് നിർമ്മിക്കാൻ 27/02/2017ൽ ശ്രീമതി.റീജ പായം പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു എങ്കിലും നിലം ആയതിനാൽ ആർ.ഡി.ഒ വിന്റെ അനുമതിക്കായി അപേക്ഷ നൽകുവാൻ പായം പഞ്ചായത്തിന് വിവരം നൽകിയത് പ്രകാരം RDOTLY/996/2019k1 പ്രകാരം സ്ഥലത്തിന്റെ തരം മാറ്റിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയായതിനാൽ 25/02/2020 ന് ക്രമവൽകരണ അപേക്ഷ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചത് പ്രകാരമുള്ള പ്ലാനിൽ സ്ഥലത്തിന്റെ അതിർത്തിയിലുള്ള റോഡിന്റെ വീതി 6 മീറ്റർ ആണ് രേഖപ്പെടുത്തിയത് പഞ്ചായത്ത് എഞ്ചിനീയറുടെ സ്ഥല പരിശോധനയിൽ റോഡിന്റെ വീതി 8 മീറ്റർ ആണ് എന്ന് ബോധ്യപ്പെട്ടു. അത് പ്രകാരം കണക്കാക്കിയതിൽ കെട്ടിടത്തിൽ നിന്നും റോഡരികിലേക്കുള്ള അകലം കേരള പഞ്ചായത്ത് രാജ് ആക്ട് 220ബി അനുസരിച്ച് 10 സെൻറി മീറ്ററിന്റെ കുറവ് കാണപ്പെട്ടതിനാൽ അപേക്ഷകന്റെ അതിർത്തിയിൽ റോഡിന്റെ അതിര് അളന്ന് രേഖപ്പെടുത്തി നൽകുവാൻ ഇരിട്ടി തഹസിൽദാർക്ക് അപേക്ഷ നൽകുകയും അതിർത്തി നിർണ്ണയിക്കുന്നനിലുള്ള ലൈനുകൾ റി.സർവ്വെ മുഖാന്തിരം രേഖപ്പെടുത്താത്തതിനാൽ അപേക്ഷ നിരസിച്ച് തഹസിൽദാർ അറിയിപ്പ് നൽകി.

ഇരിട്ടി എ.ഇ/ഐ.ടി.വൈ/ജി900/2022 തീയ്യതി: 28/09/2022 കത്ത് പ്രകാരം ശ്രീമതി.റീജ വിളമന വില്ലേജ് സർവ്വെ നമ്പർ 18/2ൽപ്പെട്ട 0.02023 ഹെക്ടർ സ്ഥലത്ത് നിന്നും 1 മിറ്റർ വീതിയിലും 1 മീറ്റർ നീളത്തിലും 0.0010 ഹെക്ടർ സ്ഥലം ( 10m ) മാത്രം സൗജന്യമായി വിളമന കുമന്തോട് പിഡബ്ള്യുഡി റോഡ് വികസനത്തിന് വിട്ട് നൽകിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഇരിട്ടി പിഡബ്ള്യുഡി എഇ അനുവദിച്ചിട്ടുണ്ട്.

പായം പഞ്ചായത്തിൽ നടന്ന അദാലത്തിൽ റീജ യുടെ അപേക്ഷയിൽ തീരുമാനത്തിൽ എത്താത്തതിനാൽ 02/09/2022ൽ നടന്ന ജില്ലാതല അദാലത്തിൽ പ്രസ്തുത അപേക്ഷ പരിഗണിച്ച് 148.59 ച.മീറ്റർ വിസ്തീർണ്ണമുള്ള വീടിന്റെ തറ നിർമ്മിച്ച് 2017 ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചപ്പോൾ പിഡബ്ല്യുഡി റോഡ് അതിർത്തിയിൽ നിന്ന് 2.90 മീറ്റർ അകലത്തിലാണ് കെട്ടിടം എന്നതിനാൽ അവിടെ പെർമിറ്റ് അനുവദിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 220 ബി സെക്ഷൻ പാലിക്കാത്തതിനാൽ 10 സെന്റിമീറ്ററിൽ മാത്രം കുറവ് ഉള്ളതിനാൽ സംസ്ഥാന തല അദാലത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ജില്ലാ അദാലത്തിൽ തീരുമാനം എടുത്തിരുന്നു.

ടി സാഹചര്യത്തിൽ ശ്രീമതി.റീജ പിഡബ്ല്യുഡി റോഡ് വികസനത്തിന് വേണ്ടി വിട്ടു കൊടുത്ത സ്ഥലത്തിന്റെ കൃത്യമായ അളവുകളോട് കൂടിയ പ്ലാൻ ലഭിക്കുന്നതിന് പായം പഞ്ചായത്ത് സെക്രട്ടറി പിഡബ്ല്യുഡി അധികാരികൾക്ക് അപേക്ഷ നൽകേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റോഡ് വികസനത്തിന് വേണ്ടി സ്ഥലം വിട്ടു കൊടുക്കുന്നവർക്ക് കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുന്ന തദ്ദേശ സ്വയം ഭരണ ആർ.ഡി വകുപ്പ് ഉത്തരവ് 5612 ആർഡി. 2/08/തസ്വഭവ തീയ്യതി , തിരുവനന്തപുരം 26/04/2008 സർക്കുലർ പ്രകാരം തുടർ നടപടി സ്വീകരിക്കാവുന്നതാണ്. അല്ലെങ്കിൽ തദ്ദേശ സ്വയം ഭരണ ആർഎ വകുപ്പിന്റെ സ.ഉ എം.സ് നം. 170/2016 തസ്വഭവ തിരുവനന്തപുരം തീയ്യതി: 16/11/2016 പ്രകാരം യു.എ നമ്പർ നൽകി വസ്തു നികുതി ഈടാക്കുകയോ ചെയ്യുന്നതിന് സ്ഥിര അദാലത്ത് ഉപസമിതി തീരുമാനമെടുക്കും. പ്രസ്തുത വിവരം താങ്കളുടെ അറിവിലേക്ക് നൽകുന്നു.

വിശ്വസ്തതയോടെ

പകർപ്പ്:- സെക്രട്ടറി, പായം ഗ്രാമ പഞ്ചായത്ത്

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
27/01/2024